# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 186

26.03.2013ൽ മറുപടിക്ക്.

### എജ്യൂ സിറ്റി

| ചോദ്യം | | ഉത്തരം |
|---|---|---|
| ഡോ.കെ.ടി.ജലീൽ<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ<br>ശ്രീമതി കെ.കെ.ലതിക<br>ശ്രീ. വി. ചെന്താമരാക്ഷൻ | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| എ) മലപ്പുറം ജില്ലയിലെ പാണക്കാട് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന എജ്യൂസിറ്റി എന്ന സംരംഭത്തിന്റെ വിശദാംശം വ്യക്തമാക്കുമോ; | (എ) | മലപ്പുറം ജില്ലയിലെ പാണക്കാട് കെ.എസ്.ഐ.ഡി.സിയുടെ കൈവശം ഉണ്ടായിരുന്ന 243.79 ഏക്കർ ഭൂമി, കെ.എസ്.ഐ.ഡി.സിയും ഇൻകെലും ചേർന്ന ഒരു സംയുക്ത സംരംഭത്തിന് 2010 ൽ 90 വർഷത്തേക്ക് പാട്ടത്തിന് കൊടുത്തിട്ടുണ്ട്. ഈ സ്ഥലത്ത് ലോകോത്തര നിലവാരം പുലർത്തുന്ന ഒരു വിദ്യാഭ്യാസ കേന്ദ്രമാണ് വിഭാവന ചെയ്തിട്ടുള്ളത്. പ്രസ്തുത സംരംഭത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻജിനീയറിംഗ് ടെക്നോളജി, ഇന്റർനാഷനൽ ബിസിനസ്സ് സ്കൂൾ, ഫിനിഷിംഗ് സ്ക്കൂൾ , ഇന്റർനാഷണൽ സ്ക്കൂൾ, സ്ക്കൂൾ ഓഫ് സയൻസ് , സ്ക്കൂൾ ഓഫ് കോമേഴ്സ് , സ്ക്കൂൾ ഓഫ് ലോ, മീഡിയ സ്ക്കൂൾ, കാൻസർ ആശുപത്രി & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയും, അവയ്ക്ക് വേണ്ടി വരുന്ന അനുബന്ധ സൗകര്യങ്ങളും ഉണ്ടാക്കുന്നതാണ്. ഇത് കൂടാതെ , ഹൈദ്രാബാദിലെ ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റിയുടെ ഓഫ് കാമ്പസ്സും പ്രവർത്തനം തുടങ്ങുന്നതാണ്. |
| (ബി) പ്രസ്തുത പദ്ധതിക്കായി എത്ര ഏക്കർ സ്ഥലമാണ് ഉദ്ദേശിക്കുന്നതെന്നും ഈ സ്ഥലം ഇപ്പോൾ ഏത് സർക്കാർ സ്ഥാപനത്തിന്റെ അധീനതയിലുള്ളതാണെന്നും വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത പദ്ധതിക്കായി 243.79 ഏക്കർ സ്ഥലമാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഈ സ്ഥലം ഇപ്പോൾ ഇൻകെൽ- കെ.എസ്.ഐ.ഡി.സി പ്രോജക്ട്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ അധീനതയിലാണുള്ളത്. |
| (സി) എജ്യൂസിറ്റിക്കു വേണ്ടി പ്രസ്തുത ഭൂമി | (സി) | 243.79 ഏക്കർ ഭൂമി , 'INKEL-KSIDC Projects Limited' എന്ന സ്ഥാപനത്തിന് പാട്ട |

| | | |
|---|---|---|
| വിട്ടുനൽകുന്നതിന് എന്ത് തുകയാണ് പാട്ടമായി നിശ്ചയിച്ചിട്ടുള്ളതെന്നും എത്ര വർഷമാണ് പാട്ടക്കാലാവധിയായി നിശ്ചയിച്ചതെന്നും വ്യക്തമാക്കാമോ? | | വ്യവസ്ഥയിൽ നൽകിയപ്പോൾ 36,51,69,522/- രൂപയാണ് പാട്ടത്തുകയായി നിശ്ചയിച്ചിട്ടുള്ളത്. 2010 സെപ്റ്റംബറിൽ 90 വർഷത്തെ പാട്ട വ്യവസ്ഥയിലാണ് ഭൂമി നൽകിയിട്ടുള്ളത്. |
| ഡി) എജ്യൂസിറ്റിയുടെ മാസ്റ്റർപ്ലാനിൽ നിർദ്ദേശിച്ചിട്ടുള്ള സംരംഭങ്ങൾക്ക് എത്ര ഏക്കർ വീതമാണ് ഭൂമി നൽകുവാൻ ഉദ്ദേശിക്കുന്നത്. | (ഡി) | ഇപ്പോൾ താഴെപ്പറയുംപ്രകാരം ഭൂമി നൽകുവാൻ ആലോചിക്കുന്നു. |

| | | |
|---|---|---|
| 1 | വിദ്യാഭ്യാസം | 119.89 ഏക്കർ |
| 2 | ആരോഗ്യം | 10.30 ഏക്കർ |
| 3 | വ്യവസായം | 13.7 ഏക്കർ |
| 4 | അനുബന്ധസൗകര്യങ്ങൾ (ഹോസ്റ്റലുകൾ, സിവിൽ, അഡ്മിനിസ്ട്രേറ്റീവ് , കൊമേഴ്സ്യൽ , etc-) | 72.35 ഏക്കർ |
| 5 | പൊതു ആവശ്യങ്ങൾക്ക് | 25.55 ഏക്കർ |
| 6 | മറ്റ് ആവശ്യങ്ങൾക്ക് | 2.00 ഏക്കർ |

പൊതു ആവശ്യങ്ങൾക്ക് നീക്കി വച്ചിട്ടുള്ള ഭൂമി ഇംഗ്ലീഷ് & ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റിക്ക് കൂടി ഉപയോഗപ്രദമാകുന്ന രീതിയിലാണ് വിഭാവനം ചെയ്തിട്ടുള്ളത്.

| | | |
|---|---|---|
| ഇ) സംരംഭകർക്ക് കൈമാറ്റം ചെയ്യുന്ന ഭൂമി പണയപ്പെടുത്തുന്നതിനും കൈവശാവകാശം നൽകുന്നതിനും വ്യവസ്ഥയുണ്ടോ; | (ഇ) | സംരംഭകർക്ക് കൈമാറ്റം ചെയ്യുന്ന ഭൂമി ഇൻകെൽ-കെ.എസ്.ഐ.ഡി.സി.പ്രോജക്ട്സ് ലിമിറ്റഡിന്റെ അനുമതിയോടുകൂടി മാത്രം പാട്ട അധികാരം പണയപ്പെടുത്താവുന്നതാണ്. |
| എഫ്) പദ്ധതി പ്രദേശത്ത് സർക്കാരിന്റെയോ മറ്റ് സർക്കാർ ഏജൻസികളുടേയോ ചെലവിൽ വൈദ്യുതിയും വെള്ളവും ലഭ്യമാക്കാൻ നിർദ്ദേശമുണ്ടോ; | (എഫ്) | ഉണ്ട്. |
| ജി) എജ്യൂസിറ്റിയിൽ സംരംഭങ്ങൾ തുടങ്ങാൻ ആരിൽ നിന്നെല്ലാം എത്ര നിർദ്ദേശങ്ങൾ ഇതുവരെ ലഭ്യമായി എന്ന് വിശദമാക്കുമോ? | ജി) | ഇതുവരെ പദ്ധതി തുടങ്ങാനായി 81 സംരംഭകർ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ഇതു പ്രാഥമിക പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ